# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3691 — 14/03/2017-ൽ മറുപടിക്ക്

## ആരോഗ്യവകുപ്പിലെ താത്കാലിക ജീവനക്കാരെ വേതനം നൽകാതെ പിരിച്ചുവിട്ട നടപടി

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ്**

എ) ആരോഗ്യവകുപ്പിലെ താത്കാലിക ജീവനക്കാരായുള്ള എത്ര ജീവനക്കാരെ ഈ സർക്കാർ വന്നതിനു ശേഷം പിരിച്ചു വിട്ടു; ഇവരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

ബി) താൽകാലിക കരാർ ജീവനക്കാരുടെ 11 മാസത്തെ വേതനം നൽകണമെന്നുള്ള കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ വിധി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) യും ബി) യും: മഴക്കാല രോഗ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി നിയമിതരായ 638 താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട്. വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടില്ല. ടി ജീവനക്കാരുടെ 11 മാസത്തെ വേതനം നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ